പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2972 — 22.02.2016 ലെ മറുപടിയ്ക്ക്

**ഇൻകം ഗാരന്റിയും വിലനിർണ്ണയ അവകാശവും**

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| | ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗാരന്റിയും വിലനിർണ്ണയ അവകാശവും എന്ന പദ്ധതി 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നുവോ ; | (എ) & (ബി) | പ്രഖ്യാപിച്ചിരുന്നു. പ്രാഥമിക മേഖലയിലെ കൃഷിക്കാർക്ക് തങ്ങളുല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില നിശ്ചയിക്കുന്നതിനും കർഷകർക്ക് ഉല്പാദനച്ചെലവിന് ഉപരിയായി ന്യായമായ ലാഭം (fair returns) ഉറപ്പു വരുത്തുന്നതിനുമാണ് ചെറുകിട നാമമാത്ര കർഷകർക്കു വേണ്ടി ഒരു ഇൻകം ഗ്യാരണ്ടി സ്കീം പ്രഖ്യാപിച്ചത്. ഇതിനായി ഇൻഷ്വറൻസ് കമ്പനികൾ മുഖേന 25 പ്രധാന വിളകളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ പ്രീമിയത്തിന്റെ 90 ശതമാനം സർക്കാർ വിഹിതവും 10 ശതമാനം ഗുണഭോക്തൃവിഹിതവും എന്ന നിലയിലാണ് വിഭാവന ചെയ്തിരുന്നത്. |
| (ബി) | പദ്ധതി നടത്തിപ്പിലൂടെ ലക്ഷ്യമിട്ടിരുന്നത് എന്തെല്ലാമാണ്; പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ; | | |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി 2014-15-ൽ എന്ത് തുകയാണ് നീക്കിവച്ചിരുന്നത്; 2014-15-ൽ ഇതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ ? | (സി) | 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. |

**സെക്ഷൻ ഓഫീസർ**